697669

**D 133666** **(Pages : 2)** **Name.......................................**

**Reg. No...................................**

## FIRST SEMESTER (CUFYUGP) DEGREE EXAMINATION, NOVEMBER 2025

Malayalam

MAL1FA102 (3)—UNDERSTANDING LITERATURE IN MALAYALAM

(2024 Admission onwards)

Time : One Hour and a Half Maximum : 50 Marks

ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക.

**എല്ലാ** ചോദ്യങ്ങൾക്കും ഉത്തരം എഴുതാം.

2 മാർക്ക് വീതം. (പരമാവധി 16 മാർക്ക്)

1. "ചേച്ചിയത്താമരത്തണ്ടുകളിൽ ചേല കുരുക്കിക്കിടക്കേയുള്ളൂ"—സന്ദർഭം പറയുക.
2. "രാത്രീല് ആ മട തിരിച്ചു മുറിച്ചു വച്ചാലോ ? ആര് പറഞ്ഞു ? എപ്പോൾ ?
3. "വളർത്തിയാൽ വേണ്ടതും വേണ്ടാത്തതും വളരും" —എന്തിനെക്കുറിച്ചാണ് ഇവിടെ സൂചിപ്പിക്കുന്നത് ?
4. "പ്രണയം മറ്റെന്തിനെ ഗൗനിക്കേണ്ടൂ"—സന്ദർഭം വ്യക്തമാക്കുക.
5. "ഈ നാറ്റം കടലു ചീഞ്ഞതിന്റെ നാറ്റമാണ് "—എന്താണ് സന്ദർഭം ?
6. "ശീലക്കേടിങ്ങനെ ചാല നീ കാട്ടുമ്പോൾ

   കോലു കൊണ്ടേയിനിച്ചോദിക്കുള്ളൂ"

   —എന്ത് ശീലക്കേടാണ് കാട്ടിയത് ? ആര് ?
7. 'ഏകാന്തതയുടെ നൂറ് വർഷങ്ങൾ' എന്ന കഥയിലെ നായകനും നായികയും ആരെല്ലാമാണ് ?
8. ഹോ ചിമിന്റെ പേരിലറിയപ്പെടുന്ന നഗരത്തിന്റെ പഴയ പേര് എന്തായിരുന്നു ?
9. 2019 ലെ ജ്ഞാനപീഠപുരസ്കാരം ലഭിച്ച കവി ആര് ?
10. ഇടശ്ശേരി എഴുതിയ നാടകത്തിന്റെ പേരെന്ത് ?

**Turn over**

697669

697669



ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. **എല്ലാ** ചോദ്യങ്ങൾക്കും ഉത്തരമെഴുതാം.

6 മാർക്ക് വീതം. (പരമാവധി മാർക്ക് 24)

11. 'ആ മണ്ണിനോടു മാത്രമാ എന്റെ ആയുസ്സിലെ സ്നേഹം'–വിവരിക്കുക.
12. 'പിന്നെ കേക്കണ് കടലിനും കടപ്പുറത്തിനുമിടയിൽ വലിയൊരു മതിൽ വരുമെന്ന് '–എന്താണ് ആ മതിൽ ? വിവരിക്കുക.
13. ഒ.എൻ.വി.യുടെ രചനകൾക്ക് മലയാള സിനിമാ ഗാനമേഖലയിലുള്ള പ്രാധാന്യം വ്യക്തമാക്കുക.
14. നാടകീയ സ്വഗതാഖ്യാനരീതി 'വിവാഹസമ്മാനം' എന്ന കവിതയിൽ എങ്ങനെ അവതരിപ്പിച്ചിരിക്കുന്നു ?
15. ആനമക്കാർ എന്ന കഥാപാത്രത്തിന്റെ സ്വഭാവനിരൂപണം ചെയ്യുക.

**ഒരു** ചോദ്യത്തിന് രണ്ട് പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

(10 മാർക്ക്)

16. ബഷീർകൃതികളിലെ ഹാസ്യം 'ന്റുപ്പൂപ്പാക്കൊരാനേണ്ടാർന്ന് ' എന്ന നോവലിനെ അടിസ്ഥാനമാക്കി ചർച്ച ചെയ്യുക.
17. മലയാള കവിതാ സാഹിത്യചരിത്രത്തിൽ 'കൃഷ്ണഗാഥ'യ്ക്കുള്ള സ്ഥാനം വിശദമാക്കുക.

697669

**D 113503** (Pages : 2) Name..........................................

Reg. No.....................................

## FIRST SEMESTER (CUFYUGP) DEGREE EXAMINATION NOVEMBER 2024

Malayalam

MAL1FA102 (3)—UNDERSTANDING LITERATURE IN MALAYALAM

(2024 Admission onwards)

Time : One Hour and a Half Maximum : 50 Marks

ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക.

എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതാം. 2 മാർക്ക് വീതം.

(പരമാവധി മാർക്ക് 16).

1. 'വർണ്ണരാജി' എന്ന കൃതി എഴുതിയതാര് ?
2. 'ആറാടിക്കേറീലേ പെണ്ണൊരുത്തി'–സന്ദർഭം വ്യക്തമാക്കുക.
3. 'അമ്മയാണെനിക്കു നീ ദേവി, നിന്മടിത്തട്ടിലുണ്ണിയാവുമ്പോഴെനിക്കഭയം, സമാശ്വാസം'–സന്ദർഭം വിവരിക്കുക.
4. 'എങ്ങാണ്ടോന്ന് കുറെ പണം കൊണ്ടുവന്ന് കൊറേ വളോം വാരിയിട്ട് നെല്ലൊണ്ടാക്കിയതു കൊണ്ട് ആരും കൃഷിക്കാരനാകത്തില്ല'–സന്ദർഭം വിവരിക്കുക.
5. 'മലർക്കൊടി പോലെ ... ' എന്ന ഗാനത്തിന്റെ ശില്പികൾ ആരെല്ലാം ?
6. 'ന്റുപ്പൂപ്പാക്കാരാനേണ്ടാർന്ന് ! ബല്യ ഒര് കൊമ്പനാന'–സന്ദർഭം വിവരിക്കുക.
7. "വാ മുറുക്കേണമെൻ പൈതലേ നീയിപ്പോൾ

   ചാകുന്നൂതുണ്ടു ഞാനല്ലയായ് കിൽ"–വിശദമാക്കുക.
8. 'മീൻ കൊണ്ടു നടക്കുമ്പോൾ മീൻ നാറ്റമല്ലാതെ മുല്ലപ്പൂ മണക്കുമോ ? ആശയവും സന്ദർഭവും വിവരിക്കുക.
9. ആരാണ് ഹോചിമിൻ ?
10. 'ഏകാന്തതയുടെ നൂറ് വർഷങ്ങൾ' എന്ന കഥ എഴുതിയതാര് ? കഥയുടെ പ്രമേയം എന്ത് ?

(16 marks)

ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതാം. 6 മാർക്ക് വീതം.

(പരമാവധി മാർക്ക് 24).

11. ജീവിതത്തിൽ എതിർത്തു തോല്പിക്കേണ്ടത് എന്തിനെയാണെന്നാണ് കുഞ്ഞാമന്റെ ജീവിതം നമ്മെ പഠിപ്പിക്കുന്നത് ?
12. 'ഉലൂഖലബന്ധനം' എന്ന പാഠഭാഗത്തെ ആസ്പദമാക്കി ചെറുശ്ശേരിയുടെ വർണ്ണനാപാടവം വിവരിക്കുക.

**Turn over**

568133



13. 'അന്നയും റസൂലും' എന്ന സിനിമയിലെയും 'ഏകാന്തതയുടെ നൂറ് വർഷങ്ങൾ' എന്ന കഥയിലെയും പ്രണയത്തിന്റെ സൗന്ദര്യം താരതമ്യം ചെയ്ത് വിശദമാക്കുക.
14. 'കൗസല്യ' എന്ന കവിതയിലെ കൗസല്യയുടെ സവിശേഷതകൾ വിവരിക്കുക.
15. കേശവൻ നായർ നഷ്ടമൂല്യങ്ങളുടെ വക്താവാകുന്നുണ്ടോ ? എങ്ങനെ ?

(24 marks)

ഒരു ചോദ്യത്തിന് രണ്ട് പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

10 മാർക്ക്.

16. യാത്രാവിവരണങ്ങൾ ഒരു നാടിന്റെ സംസ്കാരികമായ പ്രത്യേകതകളെ എങ്ങനെ അയാളപ്പെടുത്തുന്നു എന്ന് 'ഹോ ചിമിന്റെ നാട്ടിൽ' എന്ന യാത്രാവിവരണത്തെ അടിസ്ഥാനമാക്കി വിവരിക്കുക.
17. 'വിവാഹസമ്മാനം' എന്ന കാവ്യത്തിന്റെ രചനാശൈലി ആ കവിതയുടെ വൈകാരികാവിഷ്കാരത്തെ എത്രത്തോളം സഹായിച്ചിരിക്കുന്നു ?

(10 marks)

568133